പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1563 **01-07-2026-ൽ മറുപടിയ്ക്ക്**

മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ ഒപി ബ്ലോക്ക്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പുതുതായി ഒ.പി ബ്ലോക്ക്,റേഡിയോളജി & ലബോറട്ടറി കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനായി എൻ.എച്ച്.ബി. യു.ഐ.ഡി.എഫ്. പ്രൊജക്ടിൽ ഉൾപ്പെടുത്തി സർക്കാരിൽ സമർപ്പിച്ച 82.73 കോടി രൂപയുടെ പ്രൊപ്പോസലിന്റെ നിലവിലുള്ള പുരോഗതി വെളിപ്പെടുത്തുമോ;

മറുപടി: മഞ്ചേരി മെഡിക്കൽ കോളേജിലെ ഒ.പി. ബ്ലോക്ക്, റേഡിയോളജി ബ്ലോക്ക് & ലബോറട്ടറി കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനായി നാഷണൽ ഹൗസിംഗ് ബാങ്ക് നോഡൽ ഏജൻസിയായിട്ടുള്ള യു.ഐ.ഡി.എഫ്. പ്രൊജക്ടിൽ ഉൾപ്പെടുത്തി 82.73 കോടി രൂപയുടെ പ്രൊപോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയും ആയത് യു.ഐ.ഡി.എഫ്. പോർട്ടലിലേക്ക് അപ്ലോഡ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയത് പ്രകാരം KER2023-24000033 എന്ന നമ്പറായി പോർട്ടലിലേക്ക് അപ്ലോഡ് ചെയ്യുകയും ചെയ്തിരുന്നു. ഇപ്രകാരം അപ്ലോഡ് ചെയ്ത പ്രൊപ്പോസലിൽ ചില പോരായ്മകളും, എസ്റ്റിമേറ്റുകളുടെ കുറവും ഉണ്ടെന്നു നാഷണൽ ഹൗസിംഗ് ബാങ്ക് അറിയിക്കുകയും അതിനെ തുടർന്ന് പ്രസ്തുത കുറവുകൾ പരിഹരിച്ച് എസ്റ്റിമേറ്റുകൾ ഉൾപ്പടെ ആവശ്യമായ രേഖകൾ വീണ്ടും അപ്ലോഡ് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത പോരായ്മകൾ പരിഹരിച്ച് പൂർണ്ണമായ എസ്റ്റിമേറ്റുകൾ ഉൾപ്പടെ പ്രൊപോസൽ പുനസമർപ്പിക്കുന്നതിനു മഞ്ചേരി മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വീണ്ടും പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതാണ്.

(ബി) പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ;വ്യക്തമാക്കാമോ;

മറുപടി: ഭരണാനുമതി നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ നിന്നും കൃത്യമായ എസ്റ്റിമേറ്റുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) എങ്കിൽ അവ പരിഹരിച്ച് എത്രയും വേഗം ഭരണാനുമതി നൽകുവാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

മറുപടി: മറുപടി ബി പിരിവിൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ